# Malayala Manorama

# 14 August 2018

# Kollam: Flood relief

## ദുരിതാശ്വാസം: തനതു ഫണ്ട് ഉപയോഗിക്കാൻ അനുമതി

കൊല്ലം● രൂക്ഷമായ വെള്ളപ്പൊക്കത്തിനു പിന്നാലെ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാൻ സാധ്യതയുണ്ടെന്ന ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പിനെ തുടർന്ന്, രോഗപ്രതിരോധ, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു തനതു ഫണ്ടിൽനിന്ന് ആവശ്യമായ തുക ചെലവഴിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്കു സർക്കാരിന്റെ അനുമതി. ഇതിനുള്ള സാങ്കേതിക നടപടികളും ഒഴിവാക്കി.

വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കുറയുമ്പോൾ എലിപ്പനി, ജലജന്യ രോഗങ്ങൾ തുടങ്ങിയവ പടർന്നു പിടിക്കാൻ സാധ്യതയുണ്ടെന്നാണു മുന്നറിയിപ്പ്.

വെള്ളം ഇറങ്ങിയാലുടൻ പുനരധിവാസം, വീടും പരിസരവും വൃത്തിയാക്കൽ, ശുദ്ധജലം ലഭ്യമാക്കൽ, കിണർ ശുചീകരണം, ശുചിമുറികൾ നന്നാക്കൽ, കോളിഫോം ബാക്ടീരിയ അളവ് പരിശോധിക്കൽ, പ്രതിരോധമരുന്നു വിതരണം എന്നിവ പെട്ടെന്നു പൂർത്തിയാക്കണമെന്നാണ് നിർദേശം. കലക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉണ്ടാകണമെന്നും തദ്ദേശസ്ഥാപനങ്ങൾക്കു നിർദേശമുണ്ട്.